# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 245/2025 തിരുവനന്തപുരം, തീയതി. 11.11.2025**

# പത്രക്കുറിപ്പ്

## പുനർമൂല്യനിർണയം /സൂക്ഷ്മപരിശോധന - തീയതി നീട്ടി

കേരളസർവകലാശാല 2025 ഏപ്രിൽ മാസം നടത്തിയ ബി.എ. (ആന്വൽ സ്കീം) പാർട്ട്-I & II പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികളുടെ പുനർമൂല്യനിർണയ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 15 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാല നാലാം സെമെസ്റ്റർ ജൂലൈ 2025 സിബിസിഎസ് കരിയർ റിലേറ്റഡ് പരീക്ഷകളുടെ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 2025 നവംബർ 26 വരെ നീട്ടിയിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം ന്യൂ-ജനറേഷൻ ഡബിൾ മെയിൻ ഡിസംബർ 2025 ഡിഗ്രി പരീക്ഷയുടെ (2023 അഡ്മിഷൻ - റെഗുലർ, 2022 & 2021 അഡ്മിഷൻ - സപ്ലിമെന്ററി) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2025 നവംബർ മാസം 13 മുതൽ 24 വരെ നടത്താൻ നിശ്ചയിച്ചിരുന്ന ബി.എ / ബി.കോം / ബി.എസ്.സി. കംപ്യൂട്ടർ സയൻസ്/ ബി.എസ്.സി. മാത്തമാറ്റിക്സ്/ ബി.ബി.എ/ ബി.സി.എ (വിദൂരവിദ്യാഭ്യാസം) കോഴ്സുകളുടെ നാലാം സെമസ്റ്റർ പരീക്ഷകൾ 2025 നവംബർ 25 മുതൽ ഡിസംബർ 16 വരെ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ജർമ്മൻ A1 കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/ തത്തുല്യം/ ഉയർന്ന യോഗ്യത; 80 മണിക്കൂർ (2 മുതൽ 3 മാസം) ദൈർഘ്യമുള്ള ഈ കോഴ്സ് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7.30 മുതൽ 9.00 നടക്കും. കോഴ്സ് ഫീസ് 8000 രൂപ. പരമാവധി 30 സീറ്റുകൾ മാത്രമേ ഉണ്ടാകൂ. അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയും സർവകലാശാലയുടെ ക്യാഷ് കൗണ്ടറിലോ ഓൺലൈൻ വഴിയോ അടയ്ക്കേണ്ടതാണ്. അപേക്ഷാഫോം സർവകലാശാലയുടെ ജർമ്മൻ വിഭാഗത്തിന്റെ വെബ്സൈറ്റായ https://keralauniversity.ac.in/german ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയും ആവശ്യമായ രേഖകളും 2025 നവംബർ 20-ന് വൈകിട്ട് 4 മണിക്ക് മുൻപായി പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സമർപ്പിക്കണം.

# ജർമ്മൻ A2 കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A2 (Deutsch A2) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു & ജർമ്മൻ A1 (Deutsch A1). കോഴ്സ് ഫീസ് 9000 രൂപ. 80 മണിക്കൂർ (2 മുതൽ 3 മാസം) ദൈർഘ്യമുള്ള ഈ കോഴ്സ് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7.30 മുതൽ 9.00 നടക്കും. പരമാവധി 30 സീറ്റുകൾ മാത്രമേ ഉണ്ടാകൂ. അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയും സർവകലാശാലയുടെ ക്യാഷ് കൗണ്ടറിലോ ഓൺലൈൻ വഴിയോ അടയ്ക്കേണ്ടതാണ്. അപേക്ഷാഫോം സർവകലാശാലയുടെ ജർമ്മൻ വിഭാഗത്തിന്റെ വെബ്സൈറ്റായ https://keralauniversity.ac.in/german ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയും ആവശ്യമായ രേഖകളും 2025 നവംബർ 20-ന് വൈകിട്ട് 4 മണിക്ക് മുൻപായി പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സമർപ്പിക്കണം.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**